# പതിനാലാം കേരള നിയമസഭ
## ഒമ്പതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1746 — 31/01/2018 ൽ മറുപടിക്ക്

## ചെറുകിട തൊഴിൽ സംരംഭങ്ങൾക്ക് ലൈസൻസ് വ്യവസ്ഥകളിൽ ഇളവ് നല്കുന്നതിന് നടപടി

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ. അബ്ദുൽ ഹമീദ്. പി** | **ഡോ.കെ.ടി. ജലീൽ**<br>(തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പ് മന്ത്രി) |
| എ) വീട്ടിൽവെച്ച് നടത്തുന്ന ചെറുകിട തൊഴിൽ സംരംഭങ്ങൾക്ക് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നും ലൈസൻസ് നേടേണ്ടത് നിർബന്ധമാണോ; വിശദാംശം വെളിപ്പെടുത്തുമോ; | എ) വീട്ടിൽവെച്ച് നടത്തുന്ന ചെറുകിടതൊഴിൽ സംരംഭങ്ങൾ വ്യാപാര-വാണിജ്യ-വ്യവസായ ഗണത്തിൽ ഉൾപ്പെടുന്നതാണെങ്കിൽ ആയത് അതാത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നും ലൈസൻസ് നേടേണ്ടതാണ്. |
| ബി) കൊമേർസ്യൽ ബിൽഡിങ് നമ്പർ ഇല്ലാ എന്ന കാരണത്താൽ ഇത്തരം തൊഴിൽ സംരംഭങ്ങൾക്ക് ലൈസൻസ് നിഷേധിക്കാറുണ്ടോ; വിശദാംശം വെളിപ്പെടുത്തുമോ; | ബി) അംഗീകൃതകെട്ടിടങ്ങളിൽ മാത്രമേ വ്യാപാര-വാണിജ്യ-വ്യവസായ സംരംഭങ്ങൾ നടത്തുവാൻ വ്യവസ്ഥയുള്ളു എന്നതിനാൽ ഇത്തരം കെട്ടിടങ്ങളിലല്ലാതെയുള്ള സംരംഭങ്ങൾക്ക് ഗ്രാമപഞ്ചായത്തിൽ നിന്നും ലൈസൻസ് അനുവദിക്കാൻ നിർവ്വാഹമുള്ളതല്ല.<br><br>എന്നാൽ കേരള മുനിസിപ്പാലിറ്റി കെട്ടിട നിർമ്മാണ ചട്ടങ്ങൾ, ചട്ടം 30 പ്രകാരം എ 1, ഗണത്തിൽപ്പെട്ട താമസിക്കുവാനുള്ള കെട്ടിടത്തിൽ 50 ച.മീ. വരെയുള്ള ഭാഗം അഭിഭാഷകർ, ഡോക്ടർമാർ, എഞ്ചിനീയർമാർ, ആർക്കിടെക്ടർമാർ, ബ്യൂട്ടീഷ്യന്മാർ, കമ്പ്യൂട്ടർ വിദഗ്ധർ, തയ്യൽക്കാർ, ഫോട്ടോഗ്രാഫർമാർ, ടെലിഫോൺ ബൂത്ത് ഓപ്പറേറ്റർമാർ, ടൈപ്പിസ്റ്റുകൾ, ഇലക്ട്രിക്കൽ അല്ലെങ്കിൽ ഇലക്ട്രോണിക് ഉപകരണ സേവന വിദഗ്ധർ എന്നിവർക്കു വേണ്ടിയുള്ള പ്രവർത്തന ഓഫീസായി ഉപയോഗിക്കാവുന്നതിന് ലൈസൻസ് നൽകി വരുന്നുണ്ട്. |

| | | | |
|---|---|---|---|
| **സി)** | ചെറുകിട സ്വയം തൊഴിൽ സംരംഭങ്ങൾക്ക് ലൈസൻസ് വ്യവസ്ഥകളിൽ ഇളവ് നൽകുന്നതിനായി ചട്ടങ്ങൾ പരിഷ്ക്കരിക്കുമോ; വ്യക്തമാക്കുമോ? | **സി)** | ഇപ്പോൾ പരിഗണനയിലില്ല |

സെക്ഷൻ ഓഫീസർ